പ്രശ്നം കൈകാര്യം ചെയ്തില്ല. രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇവിടെ പറഞ്ഞതു പോലെ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സീറ്റ് ലഭിച്ചിട്ട് തങ്ങളുടെ നാട്ടിനടുത്തുള്ള കോളേജ് എന്ന നിലക്ക് സ്വകാര്യ കോളേജിൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ സീറ്റ് ലഭിച്ച പാവപ്പെട്ട കുട്ടികൾക്ക് ഇന്ന് പഠിക്കാനുള്ള സാഹചര്യം ബുദ്ധിമുട്ടിലാവുന്നു, അതിന് ഒരു പരിഹാരം കാണേണ്ടതായിരുന്നു. അതിൽ ഗവൺമെന്റ് പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. സി. കെ. നാണുവും സഭവിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനു ശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

ശ്രീ. എ. എ. അസീസ്: രണ്ടായിരത്തിൽപ്പരം വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നമാണിത്. മെഡിക്കൽ വിഭാഗം പ്രവേശന പരീക്ഷയിലൂടെ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച ഫീസ് നൽകാൻ ശേഷിയില്ലാതെ അവരുടെ ഭാവി അനിശ്ചിതത്വത്തിലാണ്. ഈ പ്രശ്നത്തിലുള്ള ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയ്ക്ക് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. ബിനോയ് വിശ്വം: സർ, വളരെ ഗൗരവമേറിയ ഒരു വിഷയത്തിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ നമ്മുടെ ഗവൺമെന്റ് എങ്ങനെയാണ് കാണുന്നത്? കേരളത്തിലെ പൊതുജീവിതത്തിൽ വളരെ മഹത്തായ പങ്കുവഹിക്കുന്ന പൊതുമേഖലാസ്ഥാപനമാണത്. ആ പൊതുമേഖലാ സ്ഥാപനം നമ്മുടെ യാത്രാവശ്യങ്ങളുടെ ഗണ്യമായ ഒരു പങ്ക് നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്കെല്ലാം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അടുത്ത കാലത്തായി എല്ലാവരും ഒരുപോലെ പറയുന്നു കെ.എസ്.ആർ.ടി.സി. അതിന്റെ സേവനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്ന്. യാത്രക്കാരുടെ യാത്രാവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്ന ഗവൺമെന്റ് ഇപ്പോൾ കൈക്കൊണ്ടു വരുന്ന സമീപനത്തിൽ മൗലികമായ മാറ്റം ഉണ്ടാകണം. അങ്ങനെ മാറ്റം ഉണ്ടാകാത്ത പക്ഷം ഈ മഹത്തായ പൊതുമേഖലാസ്ഥാപനം നാശത്തിലേയ്ക്ക് പോകുമോ എന്ന ആശങ്ക ഉയരുകയാണ്. കെ.എസ്.ആർ.ടി.സി. അതാതു കാലത്ത് സർക്കാർ പറഞ്ഞ ഒരുപാട് സാമൂഹിക കടമകൾ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. ആ സാമൂഹിക ബാദ്ധ്യതകൾക്കുവേണ്ടി 135 കോടി രൂപയുടെ ബാദ്ധ്യതയാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ വർഷവും ഏറ്റെടുക്കേണ്ടി വരുന്നത്. സർക്കാർ പറയുന്ന ഓരോരോ പൊതു കാര്യങ്ങൾ ചെയ്യാൻവേണ്ടി ഏറ്റവും കടുത്ത

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും കെ.എസ്.ആർ.ടി.സി. ഇതുപോലെ പാടുപെടുന്നു. യു.ഡി.എഫ്. ഗവൺമെന്റ് എന്നെല്ലാം അധികാരത്തിലേറിയിട്ടുണ്ടോ അന്നൊക്കെ ഈ പൊതുമേഖലാ പ്രസ്ഥാനത്തോട് കാണിക്കേണ്ട അനുഭാവം കാണിച്ചിട്ടില്ല. ചിറ്റമ്മ നയമാണ് ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യോട് കാണിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന് പൊതുമേഖലാ പ്രസ്ഥാനങ്ങളെപ്പറ്റി ഒരു കാഴ്ചപ്പാട് വേണ്ടേ? കേന്ദ്രം ഭരിക്കുന്ന യു.പി.എ. ഗവൺമെന്റിന്റെ കോമൺ മിനിമം പ്രോഗ്രാമിൽ പൊതുമേഖലാ പ്രസ്ഥാനങ്ങളെപ്പറ്റി പറയുന്ന ഒരുപാട് നിലപാടുകൾ ഉണ്ട്. ആ നിലപാടിന്റെ ചുവടുപിടിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് അനുകൂലമായി എന്തെങ്കിലും ചെയ്യാൻ കേരളാ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടെങ്കിൽ, സ്വകാര്യ മേഖലയുടെ കയ്യിലേക്ക് കേരളത്തിന്റെ ഗതാഗത മേഖലയെ സമ്പൂർണ്ണമായും ഏൽപ്പിച്ചുകൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ലായെങ്കിൽ കെ.എസ്.ആർ.ടി.സി.-യെ സഹായിക്കേണ്ടത് ഇപ്പോഴാണ്. ആ സഹായം ഉടനെ കിട്ടിയേ മതിയാകൂ. ഇന്ന് കെ.എസ്.ആർടി.സി. 3969 ബസുകളാണ് ഓടിച്ചു കൊണ്ടിരിക്കുന്നത്. രണ്ട് വോൾവോ ബസുകളുണ്ട്, ഒരു സെമി ഡീലക്സ് എക്സ്പ്രസ് ഉണ്ട്, പത്ത് സൂപ്പർ ഡീലക്സ് എക്സ്പ്രസ് ഉണ്ട്, അഞ്ച് സൂപ്പർ എക്സ്പ്രസ് ഉണ്ട്, സൂപ്പർ ഫാസ്റ്റ് 199, ഫാസ്റ്റ് പാസഞ്ചർ 2,639 ബാക്കി ഓർഡിനറി ബസുകളാണ്. സിറ്റിയിൽ ഓർഡിനറി ബസുകളായിട്ട് ഓടുന്നത് 301 എണ്ണമാണ്. ഡെപ്യൂട്ടി സ്പീക്കർ സർ, അങ്ങും ട്രാൻസ്പോർട്ടിന്റെ പ്രഗൽഭനായ ഒരു മന്ത്രിയായിരുന്നു. അങ്ങേയ്ക്കറിയാം കെ.എസ്.ആർ.ടി.സി. വഹിക്കുന്ന പങ്ക് എത്ര മഹത്തരമാണെന്ന്. കെ.എസ്.ആർ.ടി.സി. ജീവനക്കാരായിട്ട് 23,000 ആളുകൾ സ്ഥിരമായുണ്ട്. 7000-ൽപരം ആളുകൾ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. 30,000-ത്തോളം കുടുംബങ്ങളുടെ ജീവിതോപാധി കൂടിയാണ് കെ.എസ്.ആർ.ടി.സി. അതിലെ തൊഴിലാളി പ്രസ്ഥാനം തീർച്ചയായിട്ടും ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രാധാന്യം കാണുന്നുണ്ട്. തങ്ങളുടെ ഉപ്പും ചോറുമാണ് ഈ സ്ഥാപനം എന്ന് കണ്ടുകൊണ്ട് ഈ 30,000 ജീവനക്കാരും എല്ലുമുറിയെ പണിയെടുക്കുന്നുണ്ട്. ഗവൺമെന്റിന് ഇത് നിഷേധിക്കാൻ കഴിയില്ല. ഈ സ്ഥാപനത്തിലെ തൊഴിലാളികൾ കാണിക്കുന്ന മാതൃകാപരമായ അർപ്പണ ബോധത്തെപ്പറ്റി പറയാത്ത മന്ത്രിമാരാരുമില്ല. ശ്രീ. ബാലകൃഷ്ണപിള്ള, ശ്രീ. ഗണേഷ്കുമാർ അവരെല്ലാവരും ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും എല്ലാമായി ഞാൻ തന്നെ എഴുന്നേറ്റപ്പോൾ മുൻ യു.ഡി.എഫ്. മന്ത്രിമാരായ ശ്രി. ബാലകൃഷ്ണപിള്ളയും, ശ്രീ. ഗണേഷ്കുമാറും പറഞ്ഞു തൊഴിലാളികൾ കാണിക്കുന്ന ആത്മാർത്ഥത മാതൃകാപരമാണെന്ന്. പക്ഷെ അവർക്ക് ഗവൺമെന്റ് ഒന്നും കൊടുക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റും ഗവൺമെന്റും തൊഴിലാളിക്ക് കൊടുക്കുന്നത് എത്രയോ കടുത്ത അവഗണന മാത്രമാണ്. ബാക്കി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും, സർക്കാരിലും ഡി.എ. ഇനത്തിൽ ഇന്ന് ലഭിക്കുന്നത് 59 ശതമാനമാണെങ്കിൽ കെ.എസ്.ആർ.ടി.സി.-യിൽ ലഭിക്കുന്നത് 37 ശതമാനമാണ്. ജനുവരി മാസം ഒന്നാം തീയതി കെ.എസ്.ആർ.ടി.സി.-യിൽ 5 ശതമാനം ഡി.എ. വർദ്ധിപ്പിച്ചപ്പോഴാണ് അത് 37 ശതമാനമായത്. അംഗീകരിക്കപ്പെട്ട തൊഴിൽ നിയമംപോലും അവിടെ പാലിക്കപ്പെടുന്നില്ല. വിശ്വസിക്കാൻ പ്രയാസമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഈ കെ.എസ്.ആർ.ടി.സി.-യിൽ 110 രൂപ മാത്രം പ്രതിഫലം വാങ്ങി പണിയെടുക്കുന്നവരുണ്ട്. അവർ പി.എസ്.സി. അഡ്വൈസ് പ്രകാരം നിയമനം കിട്ടിയവരാണ്. പി.എസ്.സി. ശുപാർശ പ്രകാരം നിയമനം കിട്ടിയവർക്ക് 110 രൂപയാണ് വേതനം എന്നറിയുമ്പോൾ നമുക്ക് അൽഭുതമുണ്ടായേക്കും. ആ 110 രൂപ വേതനം വാങ്ങി അവിടെ പണിയെടുക്കുന്നവരോട് എന്താണ് മാനേജ്മെന്റിനും, ഗവൺമെന്റിനും പറയാനുള്ളത്? തൊഴിലാളികളുടെ എല്ലാ ന്യായമായ അവകാശങ്ങളും അവരുടെ ഡി.എ., അവരുടെ പ്രൊമോഷൻ, അവരുടെ സ്ഥിരപ്പെടുത്തൽ ഇത്തരം കാര്യങ്ങളിൽ ഒരു മാനേജ്മെന്റ് കാണിക്കേണ്ട പ്രാഥമിക ബാദ്ധ്യത പോലും കാണിക്കാനാകാത്തവിധം കെ.എസ്.ആർ.ടി.സി.-യിലെ മാനേജ്മെന്റ് കടുത്ത സാമ്പത്തിക പ്രയാസത്തിലാണ്. ശബരിമലയിലെ തീർത്ഥാടകർക്കുവേണ്ടി നിശ്ചയിച്ചിരുന്ന നിരക്ക് വെട്ടിച്ചുരുക്കിയപ്പോഴും കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന് നഷ്ടമുണ്ടായി. കണക്കുകൾ പറയുന്നത് ഏകദേശം 15 കോടി എന്നും, 3 കോടി എന്നുമൊക്കെയാണ്. എത്ര കോടിയായാലും ഗവൺമെന്റ് നഷ്ടം സഹിക്കാൻ പറഞ്ഞത് മാനേജ്മെന്റിനോട്. ആ നഷ്ടം സഹിക്കുന്നതും മാനേജ്മെന്റാണ്. അതിന്റെയെല്ലാം ആത്യന്തികമായ ഭാരം ആരു പേറുന്നു? തൊഴിലാളി അതെല്ലാം പേറേണ്ടിവരുന്നു. ഈ സ്ഥാപനത്തിനുവേണ്ടി നട്ടെല്ലു മുറിയെ പണിയെടുക്കുമ്പോൾ സ്വന്തം സ്ഥാപനമാണെന്ന് കണ്ടുകൊണ്ട് ഇതിനു വേണ്ടി പാടുപെടുമ്പോൾ ആ തൊഴിലാളികൾക്കു ലഭിക്കേണ്ട ഏറ്റവും മിനിമം മര്യാദയോ ന്യായമോ പോലും കിട്ടുന്നതേയില്ല. ഈ സ്ഥിതിക്കെല്ലാം ഒരു മാറ്റമുണ്ടാകേണ്ടേ? കെ.എസ്.ആർ.ടി.സി.-യെ ഗവൺമെന്റ് സഹായിക്കണമെന്നു ആവശ്യപ്പെടുമ്പോൾ ചിലപ്പോൾ ചിലരെല്ലാം നെറ്റി ചുളിച്ചുവച്ചേയ്ക്കാം, പുരികക്കൊടി വില്ലുപോലെയാക്കി വച്ചേയ്ക്കാം കെ.എസ്.ആർ.ടി.സി.-യെ സഹായിക്കണമോ അതും ഗവൺമെന്റ്? ഞാൻ ആവർത്തിച്ചു പറയുന്നു സഹായിക്കണം, ഗവൺമെന്റ് സഹായിക്കണം. ഇതൊരു പുതിയ കാര്യമല്ല. കേരളത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ സമാന സ്വഭാവമുള്ള മറ്റു സംസ്ഥാനങ്ങളിലെ ആർ.ടി.സി.-കളെ അവിടത്തെ ഗവൺമെന്റുകൾ സഹായിക്കുന്നുണ്ട്. ഏതാനും കണക്കുകൾ ഞാൻ പറയട്ടെ, മഹാരാഷ്ട്ര ആർ.ടിസി.-യെ അവിടത്തെ ഗവൺമെന്റ് സഹായിക്കുന്നത് 22,852.26 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. ആന്ധ്രാപ്രദേശിലെ ആർ.ടി.സി.-യെ സഹായിക്കുന്നത് 13,800 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. കൽക്കട്ട എസ്.ടി.സി.-യെ സഹായിക്കുന്നത് 8,713 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. ചെന്നൈയിലെ മെട്രോ ട്രാൻസ്പോർട്ട് കോർപ്പറേഷനെ സഹായിക്കുന്നത് 7388.87 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. ബാംഗ്ലൂരിലെ മെട്രോ കോർപ്പറേഷനെ സഹായിക്കുന്നത് 2,645 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. സൗത്ത് ബംഗാൾ എസ്.ടി.സി.-യെ സഹായിക്കുന്നത് 2,248 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. പഞ്ചാബിലെ പെപ്സു എന്നു പറയുന്ന ആർ.ടി.സി.-യെ സഹായിക്കുന്നത് 2,183.43 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. കർണ്ണാടകത്തിലെ നോർത്ത് ഈസ്റ്റേൺ ആർ.ടി.സി.-യെ സഹായിക്കുന്നത് 1,289 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. തമിഴ്നാട്ടിലെ തന്നെ മധുരയിലെ കോർപ്പറേഷനെ സഹായിക്കുന്നത് 949 ലക്ഷം രൂപ കൊടുത്തുകൊണ്ടാണ്. തമിഴ്നാട്ടിലെ തന്നെ കുഡമ്പ കോർപ്പറേഷനെ സഹായിക്കുന്നത് 756.00 ലക്ഷം കൊടുത്തുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന കാര്യമാണിത്. ഗതാഗത മേഖലയിലെ ഒരു പൊതുമേഖലാ സ്ഥാപനം നിലനിൽക്കണം, വളരണം എന്നാണ് ഗവൺമെന്റ് ചിന്തിക്കുന്നത് എങ്കിൽ ഗവൺമെന്റിന് ഈ മാതൃക സ്വീകരിക്കാം. പക്ഷെ പൊതുമേഖലയെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ട് അതിനെ ഏറ്റവും ശാസ്ത്രീയമായി ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു നീക്കമാണ് ഗവൺമെന്റിന്റേത് എങ്കിൽ ശ്രമിക്കേണ്ടതും ചെയ്യേണ്ടതും ഇപ്പോൾ ചെയ്യുംപോലെയാണ്. ഈ നീക്കത്തിന് മാറ്റം ഉണ്ടാകണം. ഗവൺമെന്റ് ഈ വൈകിയ വേളയിലെങ്കിലും പറയണം. ആരുടെ കൂടെയാണ്, കെ.എസ്.ആർ.ടി.സി. എന്നു പറയുന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ഭാവിക്കുവേണ്ടി നിൽക്കുന്നുവോ അതോ അതിനെ തുലയ്ക്കാൻ ശ്രമിക്കുന്ന സ്വകാര്യ മേഖലയിലെ കൊള്ളക്കാർക്കുവേണ്ടി നിൽക്കുന്നുവോ? കൊള്ളക്കാർക്കുവേണ്ടിയാണെങ്കിൽ ഗവൺമെന്റ് സഹായിക്കേണ്ടതില്ല. പക്ഷേ നാടിനും, ജനങ്ങൾക്കും, പൊതുമേഖലയ്ക്കും, കെ.എസ്.ആർ.ടി.സി.-ക്കും വേണ്ടിയാണ് ഈ ഗവൺമെന്റ് ചിന്തിക്കുന്നത് എങ്കിൽ ഇത്തവണയെങ്കിലും ഗവൺമെന്റ് സഹായിച്ചേ മതിയാകൂ. ബഹുമാനപ്പെട്ട മന്ത്രി ചുമതലയേറ്റ ഉടനെ നടത്തിയ പല പ്രഖ്യാപനങ്ങളും ഓർത്തുപോകുന്നു. മന്ത്രി പറഞ്ഞു 20 കോടി രൂപയെങ്കിലും കെ.എസ്.ആർ.ടി.സി.-യെ സഹായിക്കേണ്ട ഒരു ചുമതല ഗവൺമെന്റിനുണ്ട്, ആ വഴിക്ക് ശ്രമിക്കും എന്ന്. അദ്ദേഹം പറഞ്ഞ കാര്യം പ്രതീക്ഷാപൂർവ്വം കേട്ട ഒരാളാണ് ഞാൻ. കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ഭാഗമായ ഒരാൾ എന്ന നിലയ്ക്ക് ഞാൻ പറയട്ടെ, കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ ബാദ്ധ്യത ഒരു സാമൂഹ്യ ബാദ്ധ്യതപോലെ ഗവൺമെന്റ് ഏറ്റെടുക്കാൻ കൂട്ടാക്കുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഒരു വലിയ സാമ്പത്തിക ഭാരം ഒഴിഞ്ഞുകിട്ടും. അങ്ങനെയും രക്ഷപ്പെടാൻ പറ്റും. അതുകൊണ്ട് പെൻഷൻ ബാദ്ധ്യത ഗവൺമെന്റ് ഏൽക്കണം. ഗവൺമെന്റ് 20 കോടി രൂപയെങ്കിലും പറഞ്ഞതുമാതിരി കെ.എസ്.ആർ.ടി.സി.-യ്ക്ക് കൊടുക്കണം. ഈ കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ചുകൊല്ലത്തിനിടയിൽ കൊടുത്തത് 35 കോടി രൂപയാണ്. എൽ.ഡി.എഫ്.-ന്റെ ആ മാതൃക സ്വീകരിക്കാൻ എന്തോ യു.ഡി.എഫ്. മടിക്കുന്നു, നല്ല കാര്യം ചെയ്ത എൽ.ഡി.എഫ്.-ന്റെ പല നീക്കത്തേയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യെയും ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമത്തിലേക്ക് ദയവായി പോകരുത് എന്ന് ഞാൻ അപേക്ഷിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ൽ ഇന്നുള്ള ഒഴിവുകൾ എല്ലാം നികത്തണം. നികത്താൻ കഴിയും. നികത്തുമ്പോൾ പി.എസ്.സി. ലിസ്റ്റിലുള്ള എല്ലാവരെയും റഗുലറൈസ് ചെയ്യണം. അവർക്ക് 110 രൂപ പട്ടിണിക്കൂലി കൊടുത്താൽ പോരാ, ന്യായമായ കൂലി കൊടുത്തുകൊണ്ട് അവരെ റഗുലറൈസ് ചെയ്ത്. അവർക്ക് മാന്യമായ ജീവിതം കൊടുക്കാൻ മാനേജ്മെന്റും ഗവൺമെന്റും തയ്യാറാകണം. ആ വഴിക്ക് മുന്നോട്ടുപോകുമാറ് കെ.എസ്.ആർ.ടി.സി.-യേയും മാനേജ്മെന്റിനെയും സഹായിക്കണം. കേരള സർക്കാർ, യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരിക്കുന്ന തെറ്റായ നയം തിരുത്തിക്കൊണ്ട് സഹായിക്കണമെന്ന് ഞാൻ സവിനയം എന്നാൽ ശക്തമായി ഈ സഭയോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ബഹുമാനപ്പെട്ട ബിനോയ് വിശ്വം ഇവിടെ പറഞ്ഞ കാര്യങ്ങൾ ഭാഗികമായി ശരിയാണ്. കെ.എസ്. ആർ.ടി.സി.-യ്ക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ തൊഴിലാളികൾക്ക് കിട്ടേണ്ട ന്യായമായ അവകാശങ്ങൾ ഒന്നും തടഞ്ഞു വച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതായത് അഞ്ചുമാസത്തിനകത്ത് കെ.എസ്.ആർ.ടി.സി.-ൽ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന 2462 ജീവനക്കാരെ റഗുലറൈസ് ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന മുഴുവൻ എംപാനൽ ജീവനക്കാരെയും ഇതിനകം തന്നെ റഗുലറൈസ് ചെയ്തുകഴിഞ്ഞു. അതിനുശേഷം പി.എസ്.സി.-യിൽ നിന്ന് 3374 പേരെ പുതിയതായി നിയമിക്കുന്നതിനുള്ള നടപടി എടുക്കുകയുണ്ടായി. ഇതിനുപുറമെ കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ 879 പേർക്ക് പുതിയതായി പ്രൊമോഷൻ കൊടുത്തു. ഞാൻ വിചാരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിൽ ഇത് ആദ്യത്തെ സംഭവമാണെന്നാണ്. അഞ്ചു മാസത്തിനകത്ത് 879 ജീവനക്കാർക്ക് പ്രൊമോഷൻ കൊടുത്ത ഒരു സംഭവം കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. കണ്ടക്ടർമാരായി ജോലി ചെയ്തിരുന്ന 353 പേർക്ക് സ്റ്റേഷൻ മാസ്റ്റർമാരായി പ്രൊമോഷൻ കൊടുത്തു. സ്റ്റേഷൻ മാസ്റ്റർമാരായി ജോലി ചെയ്തിരുന്ന 224 പേർക്ക് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ കൊടുത്തു. ഡ്രൈവർമാരായി ജോലി ചെയ്തിരുന്ന 103 പേർക്ക് വെഹിക്കിൾ സൂപ്പർവൈസർ മാരായി പ്രൊമോഷൻ കൊടുത്തു. അപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഒരു ആനുകൂല്യവും തടഞ്ഞുവച്ചിട്ടില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനുപുറമെയാണ് 5 ശതമാനം ഡി.എ. കൊടുത്തത്. 5 ശതമാനം ഡി.എ. കൊടുത്തതിന് ഒരു വർഷം 10 കോടി രൂപയുടെ ബാദ്ധ്യത കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ട്. 10 കോടി രൂപയുടെ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ടാണ് 5 ശതമാനം ഡി.എ. കൊടുത്തത്. യൂണിഫോം കൊടുക്കാൻ തീരുമാനിച്ചു. അതിന് ഒരു കോടി രൂപയാണ് ചെലവ്. അതുപോലെതന്നെ ഷൂ അലവൻസ് കൊടുക്കാൻ തീരുമാനിച്ചു. 17 ലക്ഷം രൂപയാണ് അതിന് ചെലവ്. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ പോലും അതിന്റെ പേരിൽ ജീവനക്കാർക്ക് കിട്ടേണ്ട ഒരു ആനുകൂല്യവും തടഞ്ഞുവച്ചിട്ടില്ല. ഇതിനുപുറമേ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപ്പോൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് അഞ്ചു വർഷംകൊണ്ട് 35 കോടി രൂപ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-ക്ക് നൽകി എന്നു പറഞ്ഞു. ആ കണക്ക് ശരിയല്ല. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കു ന്നതിനുവേണ്ടി ഗവൺമെന്റ് കാലാകാലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാറുണ്ട്. മുൻ എൽ..ഡി.എഫ്. ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 5 വർഷംകൊണ്ട് നൽകിയത് 21 കോടി 50 ലക്ഷം രൂപയാണ്. ഈ ഗവൺമെന്റ് 4 വർഷമാണ് പൂർത്തിയാക്കിയതെങ്കിലും ഇതിനകം തന്നെ 20 കോടി 25 ലക്ഷം രൂപ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവണ്ടി നൽകി ഇതിനും പുറമേ 20 കോടി രൂപ ഗ്രാന്റായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകാൻ തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. അങ്ങനെ വരുമ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ചു വർഷം കൊണ്ട് 21 കോടി 50 ലക്ഷം രൂപ നൽകിയെങ്കിൽ ഈ ഗവൺമെന്റ് ഇതിനകം തന്നെ 40 കോടി 25 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിൽ ഇതിന് മുമ്പൊരിക്കലും ഇത്രയും വലിയ തുക ഗവൺമെന്റ് നൽകിയിട്ടില്ല. ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചു നൽകുന്നതോടൊപ്പം ഈ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികമായി കൊടുക്കാൻ കഴിയുന്നതിന്റെ പരമാവധി തുക കൊടുക്കുന്നു വെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് പറയുമ്പോഴും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു വസ്തുത ഗവൺമെന്റ് അംഗീകരിക്കുന്നു. ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളും അവിടത്തെ ട്രാൻസ്പോർട്ട് കോർപ്പറേഷനെ ധാരാളം സഹായിക്കുന്നുണ്ട്. ഇവിടെ പറഞ്ഞ കണക്കുകളെല്ലാം ശരിയാണ്. പെൻഷൻ ബാദ്ധ്യത ഏറ്റെടുത്തു സംസ്ഥാന ഗവൺമെന്റിനുവേണ്ടി. കേരളത്തിലെ വിദ്യാർത്ഥി കൾക്ക് സൗജന്യയാത്ര അനുവദിച്ചതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി.-ക്ക് 35 കോടി 89 ലക്ഷം രൂപയുടെ ബാദ്ധ്യത ഓരോ വർഷവും വരുന്നുണ്ട്. അതുപോലെതന്നെ വികലാംഗർ, ബധിരർ, സ്വാതന്ത്ര്യസമര സേനാനികൾ തുടങ്ങിയവർക്ക് സൗജന്യയാത്ര അനുവദിച്ചതിന്റെ ഫലമായി 24 കോടി 89 ലക്ഷം രൂപയുടെ ബാദ്ധ്യത വരുന്നുണ്ട്. ഈ ബാദ്ധ്യതകൾ ഇൻഡ്യയിലെ മറ്റ് സംസ്ഥാന ഗവൺമെന്റുകൾ അവിടത്തെ ട്രാൻസ്പോർട്ട് കോർപ്പറേഷന് നൽകി സഹായിക്കുമ്പോൾ ഇവിടെ കാലാകാലങ്ങളിൽ അത് ചെയ്തില്ല. പെൻഷൻ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അത് ഏറ്റെടുത്തിരുന്നുവെങ്കിൽ ഇന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ഈ ഗതി വരില്ലായിരുന്നു. കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകളൊന്നുംതന്നെ കെ.എസ്.ആർ.ടി.സി.-ക്ക് കാര്യമായി സഹായം ചെയ്യാതിരുന്നതിനാലാണ് ഇന്ന് ഈ നില വന്നിരിക്കുന്നത്. ഇന്നിരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ് മുമ്പുണ്ടായിരുന്ന ഏത് ഗവൺമെന്റ് ചെയ്തതിനേക്കാളും കൂടുതൽ ആനുകൂല്യങ്ങളും സഹായങ്ങളും കെ.എസ്.ആർ. ടി.സി.-ക്ക് ചെയ്തിട്ടുണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകൾ ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. കെ.എസ്.ആർ.ടി.സി.-യുടെ ബോഡി ബിൽഡിംഗ് യാർഡുക ളെല്ലാം ഇപ്പോൾ നിശ്ചലമായിക്കിടക്കുകയാണ്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റി നുവേണ്ടി യു.ഡി.എഫ്. സർക്കാർ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഒരുപാട് പണം കൊടുത്തതിന്റെ കണക്കെല്ലാം പറഞ്ഞല്ലോ. എന്റെ വിശ്വാസത്തിൽ ഇൻഫ്രാ സ്ട്രക്ചർ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. അങ്ങനെയാണെങ്കിൽ ഇപ്പോൾ നിശ്ചലമായി കിടക്കുന്ന കപ്പാസിറ്റി എത്രയാണെങ്കിലും അതിൽ മാത്രം പണിയെടുക്കുന്ന നമ്മുടെ ബോഡി ബിൽഡിംഗ് യാർഡുകൾ പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് നടപടി എടുക്കുമോ? പാസ്സഞ്ചർ കോഡെന്ന് പറയുന്ന എത്രയോ വർഷം പഴക്കമുള്ള ആവശ്യം നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ: ബോഡി സംസ്ഥാനത്തിനകത്ത് കെ.എസ്.ആർ.ടി.സി. തന്നെ പൂർണ്ണമായും നിർമ്മിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം, കെ.എസ്.ആർ.ടി.സി.-യുടെ ആഗ്രഹം. നിർഭാഗ്യവശാൽ കെ.എസ്.ആർ.ടി.സി. ബോഡി നിർമ്മിക്കുന്നതിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ് സ്വകാര്യ മേഖലയിൽ നമുക്ക് ബോഡി നിർമ്മിച്ചു നൽകുന്നത്. ഇപ്പോൾ ഓപ്പൺ ടെണ്ടർ വിളിക്കുകയാണ്. പല കമ്പനികളും അത് കോട്ട് ചെയ്യും. അവർ പരസ്പരം മൽസരിച്ച് നമ്മൾ നിർമ്മിക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ തുകയ്ക്കാണ് ബോഡി നിർമ്മിച്ചു നൽകുന്നത്. എങ്കിൽപോലും കെ.എസ്.ആർ.ടി.സി.-യിൽ ഇന്നുള്ള യൂണിറ്റുകളിൽ പരമാവധി ബോഡികൾ നിർമ്മിച്ചു നൽകാൻ ശ്രമിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പാസഞ്ചർ കോഡിന്റെ കാര്യം നമുക്ക് ആലോചിക്കാം.

(2) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കൂടുതൽ സ്റ്റാഫും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇന്നലെ മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസൻ സംസാരിച്ചപ്പോൾ ഇൻഡ്യാ ടുഡേയിലെ ഒരു സർവ്വേ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിൽ കേരളം ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണെന്ന് പറയുകയുണ്ടായി. ആരോഗ്യരംഗത്ത് ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിലെ ആളുകൾ ആരോഗ്യരംഗത്ത് നല്ല സാക്ഷരതയുള്ളവരാണ്. രോഗങ്ങളെക്കുറിച്ച് അവയർനെസ്സ് ഉള്ളവരാണ്. അതുകൊണ്ട് ആരോഗ്യരക്ഷാ രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുമ്പിൽ എത്താൻ നമുക്ക് ഏറെക്കുറെ സാധിച്ചിട്ടുണ്ട് എന്നുള്ളത് സത്യമാണ്. ഇന്നും രോഗാതുരത കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളിൽ ഗ്രാമീണ ജനങ്ങളുടെ ആരോഗ്യ കാര്യങ്ങൾ നോക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സുമാർ 7 ചതുരശ്രകിലോമീറ്ററിനകത്തും സുമാർ രണ്ടു ലക്ഷത്തി മുപ്പതിനായിരം ആളുകൾക്ക് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അതുപോലെ 26,000-ഓളം പേർക്ക് ഒരു പ്രാഥമിക ഹെൽത്ത് സെന്റർ എന്ന തോതിലാണത്രേ കേരളത്തിലുള്ളത്. സംസ്ഥാനത്ത് ആരോഗ്യ രംഗത്തുണ്ടായിട്ടുള്ള വളർച്ച ഗ്രാമീണ ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനപ്പെടുത്താൻ സാധിക്കണമെങ്കിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അധികം സ്ഥലങ്ങളിലും ഡോക്ടർമാരില്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽവരെ ഒരേ ഒരു ഡോക്ടർ മാത്രമേയുള്ളൂ. പല സ്ഥലങ്ങളിലും മരുന്നില്ല,